"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജയിലുകൾ - ശ്രീ.സുഹൈബ്.ഇ.കെ., അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, സെൻട്രൽ പ്രിസൺ, തവനൂർ - പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2201/2025/HOME തീയതി,തിരുവനന്തപുരം, 29-06-2025

---

പരാമർശം:-

1. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 16.10.2020 തീയതിയിലെ KLR4-1/1/2019-KPSC നമ്പർ നിയമന ശിപാർശ.
2. ജയിലാസ്ഥാന കാര്യാലയത്തിലെ 12.11.2020 തീയതിയിലെ ഇ5/13932/2020/പി.ആർ.എച്ച്.ക്യൂ നമ്പർ ഉത്തരവ്.
3. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 14.05.2025 തീയതിയിലെ കെ.പി.സി.എസ്./3133/2025 — ഇ5 നമ്പർ നടപടിക്രമം.
4. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 24.04.2025 തീയതിയിലെ കെ.പി.സി.എസ്./3133/2025 - ഇ5 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ.സുഹൈബ്.ഇ.കെ, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരാമർശം (1) നിയമന ശിപാർശയുടെയും ജയിലാസ്ഥാന കാര്യാലയത്തിലെ പരാമർശം ( 2 ) ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 23.11.2020 തീയതിയിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ ജയിൽവകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. സർവ്വീസിൽ പ്രവേശിച്ച് തുടർച്ചയായ 3 വർഷത്തിനുള്ളിൽ 2 വർഷമാണ് അസിസ്റ്റൻറ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ കാലയളവ് ഈ കാലയളവിൽ ശ്രീ. ശ്രീ.സുഹൈബ്.ഇ.കെ, പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും എടുത്തിട്ടില്ലായെന്നതിനാൽ 22.11.2022 **തീയതിയിൽ** 2 വർഷ സർവ്വീസ് പൂർത്തിയാക്കിയിട്ടുണ്ട്. ശ്രീ.സുഹൈബ്.ഇ.കെ. പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനാവശ്യമായ വകുപ്പ് തല പരീക്ഷകൾ 2024 ജൂലൈ മാസത്തിൽ നടത്തിയ പരീക്ഷയിലൂടെ പാസായിട്ടുണ്ടെന്നും അവസാനമായി പരീക്ഷയിൽ പങ്കെടുത്ത തീയതിയും ഈ നോട്ടിഫിക്കേഷനിൽ നടന്ന അവസാന പരീക്ഷയുടെ തീയതിയും 25.11.2024 ആണെന്നും ഇദ്ദേഹത്തിന്റെ സേവനവും ജയിലിലെ പെരുമാറ്റവും തൃപ്തികരമാണെന്നും പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.സുഹൈബ്.ഇ.കെ.-യുടെ പ്രൊബേഷൻ കാലയളവ് 23.11.2022 മുതൽ 22.11.2023 വരെ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് പരാമർ ശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്. വകുപ്പുതലപരീക്ഷ പാസായിട്ടുള്ള സാഹചര്യത്തിൽ

ഇദ്ദേഹത്തിന്റെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ 26.11.2024 പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനു വേണ്ടി പ്രൊബേഷൻ കാലയളവ് 23.11.2023 മുതൽ 27.11.2024 വരെ ദീർഘിപ്പിച്ച് നൽകുന്നതിന് പരാമർശം (4) പ്രകാരം പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ശ്രീ.സുഹൈബ്.ഇ.കെ.-യുടെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ 26.11.2024 പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുവാൻ നിയമനാധികാരിക്ക് സാധിക്കുമാറ്, പ്രൊബേഷൻ കാലയളവ്, കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം, 23.11.2023 മുതൽ 27.11.2024 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജീഷ് ബി ഗോപൻ
അണ്ടർ സെക്രട്ടറി

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം.(സർവ്വീസ് ബുക്ക് സഹിതം).
ശ്രീ.സുഹൈബ്.ഇ.കെ. (പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയാ വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Kavitha S
Date: 30-06-2025 10:07:56
സെക്ഷൻ ഓഫീസർ